KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ഉൾതുടിപ്പുകൾ



## കമ്പിൽ മാപ്പിള ഹയർ സെക്കന്ററി സ്കൂൾ

**ഉള്ളടക്കം**


അമ്പിളി....4
വാത്സല്യം....5
തോഴി....6
ഒരു കുഞ്ഞുനൊമ്പരം....7
പുലരി....8
സ്നേഹം....9
സുന്ദരമാം പ്രകൃതി....10
അതിരുകാക്കും മലയൊന്നു തുടുത്തേ....11
നഷ്ട പ്രണയം....12
മുല്ലമൊട്ട്....13
പുഴയെ രക്ഷിക്കുക....14
വഞ്ചി....15
താമര....16
സ്ത്രീ....17
പ്രകൃതി നീ എത്ര സുന്ദരി....!....18
ശേഷം....19
വിശപ്പറിഞ്ഞവൾ....20
തെയ്യം....22
അഭയ....24
ആനന്ദം....25
മാനുഷ പരിസ്ഥിതി....26
പ്രകൃതി നമ്മുടെ ജീവൻ....27
ഓണപ്പൂക്കൾ....28
മിട്ടു പഠിച്ച പാഠം....29
നാറാണത്ത് ഭ്രാന്തൻ....30
അഗ്നിമനുഷ്യൻ....31
സ്നേഹം....32
കഥകളി....33
കോവിലൻ....35
കഥകളുടെ സുൽത്താൻ....36
കാളിദാസൻ....37
ഉള്ളൂർ....38
കുമാരനാശാൻ (1873- 1924)....39
വള്ളത്തോൾ നാരായണ മേനോൻ....40
(1878 – 1995 )....40
തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ....41
(1495 - 1575 )....41
വാഴത്തോട്ടം....42
ദേശീയ പ്രസ്ഥാനം....43
കുള്ളൻ ഗോതമ്പിൽ നിന്ന്....44

# മുഖമൊഴി

*നമുക്ക് ചുറ്റുമുള്ള പ്രകൃതിയിൽ കണ്ണുകൾക്ക് കാണാത്ത വിധത്തിൽ കാതുകൾക്ക് ഉൾക്കൊള്ളാൻ വയ്യാത്ത മട്ടിൽ പരന്നും പടർന്നും തെളിഞ്ഞും കിടക്കുന്ന രൂപവർണനാ-ഭ ചലനങ്ങൾ, ശബളാഭമായ സ്കൂൾ ജീവിതത്തിന്റെനിറക്കൂട്ടുകൾ,ഭാവനയുടെ മഴവിൽത്തണ്ടുകൾ അക്ഷരങ്ങളുടെ വളപ്പൊട്ടുകൾ വിരസതയുടെയും വിവശതയുടെയും വരാനിരിക്കുന്ന ഇരുണ്ടയാമങ്ങളിൽ സമൃദ്ധിയുടെ വാതിൽ-പ്പഴുതിലൂടെ ഭൂതകാലത്തിന്റെ രേഖകൾ തിരയുമ്പോൾ ഒരു പറ്റം വെള്ളിൽ പറവകളായി ഏടുകളിൽ വരികളായി പറയുവാനും പഠിപ്പിക്കുവാനും സ്വപ്നം കാണുവാനും അപൂർണമായ അതിനെ കാണാൻ വീണ്ടും ശ്രമിക്കുവാനും സമഗ്രമായ വിനയത്തിന്റെ ഭാഷയിൽ 'അപൂർണം' ഇതാ....... പിന്നിട്ട വഴിത്താരയിലെ പൂക്കളോടൊപ്പം മുൾച്ചെടികളെയും നമുക്ക് ഓർമിക്കാം.*

*സ്നേഹത്തോടെ*

*എഡിറ്റർ.*

# അമ്പിളി



ആയിരം നക്ഷത്രങ്ങൾക്ക് സഹപാഠിയായ്
രാത്രി സഞ്ചാരികൾക്ക് വഴികാട്ടിയായ്
ഇരുളിനെ മറക്കുന്ന വെളിച്ചമായ്
നിൽക്കെയാണതി ശോഭമായ്
താമരക്കുമ്പിളിൽ സൂക്ഷിച്ചുവച്ച
നീല നിലാവ് കോരിചൊരിഞ്ഞ്
നിശയുടെ ഭംഗിയെ മാറ്റുക്കൂട്ടി
വിടരുകയായ് അമ്പിളി മാനത്തെങ്ങും
പകൽ മുഴുവൻ പൂവിട്ട സൂര്യകാന്തിയും
അന്തിയോളം പണിയെടുത്ത കൃഷിക്കാരനും
തീറ്റ തേടി അലയുന്ന പക്ഷിക്കൂട്ടവും
നിനക്കായ് കാത്തിരിക്കുന്നു
ഒന്നു   വിശ്രമിക്കാൻ തല ചായ്ക്കുവാൻ

ശിഫാന.പി

# വാത്സല്യം



എന്തൊരു സ്നേഹമാണെന്നമ്മയ്ക്ക്
അഭിലാഷ പൂർണ്ണിമയാണമ്മ
ദുരിതങ്ങൾക്ക് നടുവിൽ നിൽക്കുമ്പോൾ സ്നേഹപൗർണ്ണിമയാണമ്മ
അഭിലാഷപൂർണ്ണിമയാണമ്മ
ആഴക്കടലിന്റെ അരികിലെത്തുമ്പോഴും
സന്തോഷവതിയാണെന്നമ്മ
സത്യസ്വരൂപിണിയാണമ്മ
എന്തിനാണമ്മേയെനിക്കൊരു ജന്മം
എന്തിനാണച്ഛായെന്റെയീ ജന്മം
അമ്മതൻ വാത്സല്യമൊന്നറിഞ്ഞപ്പോൾ
അറിയാത്തതെന്തേ എൻ ഹ്രദയരാഗം
ശാപമായീമണ്ണിൽ ജനിച്ചു വീണു
ശാപമോക്ഷത്തിനായ് കേഴുന്നു
ആരോരുമറിയാതെ ആരോരും കാണാതെ
ഞാനെന്റെ ജീവിതം നിഗ്രഹിച്ചു..........

ഫാത്തിമ

# തോഴി



*പാടാൻ മറന്ന പാട്ടുകളെനിയും*

*പാടാതെ പാടുന്നു പുല്ലാങ്കുഴൽ*

*പാടിയാടിക്കളിച്ച് നടന്നൊരാ-*

*അമ്പാടിപ്പൂനിലാവെങ്ങു പോയി*

*പാതി മറന്നിട്ട് ഗീതങ്ങളോരോന്നും*

*ചിട്ടപെടുത്തുന്ന കാർമുകിലേ*

*പാതിതരു നിൻ സ്നേഹത്തെ*

*ഞാനൊന്നു തൊട്ടോട്ടെ ഒന്നു കണ്ടോട്ടെ*

*പാതിരാപൂക്കളെ നിങ്ങൾ പൊഴിക്കുമീ*

*സുന്ദരഗന്ധമാം പൂനിലാവ്*

*പയ്യെ വരുന്നങ്ങു ഇക്കിളി കൂട്ടുന്ന*

*കാറ്റൊന്നു മെല്ലെ മൊഴിഞ്ഞു*

*സ്വപ്നത്തിൽ വന്നവൻ*

*നിന്നെയും കൊണ്ടങ്ങു പോ-*

*രുമീ അങ്ങാടി മണ്ണിൽ*

*നീയിനി കണ്ണന്റെ രാധ*

*കളിത്തോഴിയാം രാധ*

*നന്ദന.കെ.കെ*

# ഒരു കുഞ്ഞുനൊമ്പരം



പൂമുറ്റത്തുവിടർന്നൊരു-
റോസാച്ചെടിയിലെ പൂവുള്ളിയവൾ
തലയിൽ ചൂടിയെന്നെയവൾ
വേദനകൊണ്ട് ഞാൻ നീറി
വൈകുന്നേരം വരെ ഞാൻ
അവളുടെ തലയിൽ ഭംഗിയായ്-
നിന്നു...........ദാഹജലം കിട്ടാതെ
ഞാൻ വാടിത്തളർന്നു

ഭംഗി നശിച്ചപ്പോളെന്നെയവൾ
പൂമുറ്റത്തേക്കെറിഞ്ഞു
വാടിത്തളർന്ന ഞാനാനേരം
സ്വർഗത്തിൻ പടികൾ കണ്ടു...........
സ്വർഗത്തിൻ സ്വർണ്ണ പടികൾ കണ്ടു.........

*ഐശ്വര്യ .സി*

# പുലരി



കാർമേഘത്തിനിടയിൽ പതുങ്ങിയ
പകലോൻ പർവതനിരയിൽ ഉദിച്ചു
പൂങ്കോഴി ചാത്തൻ ഉണർന്നു
പൈങ്കിളി പാട്ടുകൾ പാടി
സൂര്യഭഗവാനെ കണ്ടനേരം
കൂരിരുകൾ പേടിച്ചു മാറി
മൊട്ടുകൾ കുട്ടിപ്പിടിച്ച മലരുകൾ
ഓരോയിതളായി തുറന്നു
വിടർന്ന പൂവുകൾ തേടിയ
വണ്ടുകൾ വാനിലേറെ പറന്നു
പൊൻ പുലരിയെ വരവേറ്റീടാനായി
ആയിരം കൂട്ടുകാരൊത്തു ചേർന്നു

റിഫ

# സ്നേഹം

പൂപോലെ വിടരുന്ന
പൂമണം പോലെ പറക്കുന്ന
ആഴിയേക്കാൾ ആഴമുള്ള
മഴയായി പൊഴിയുന്ന തേൻത്തുള്ളിയാണ്
സ്നേഹം
സംഗീത പുഴയാണ് സ്നേഹം
കാട്ടരുവികളിലൂടെയും പുഴകളിലൂടെയും
ഒഴുകിയെത്തുന്ന
അമ്മയിൽ നിന്ന് പഠിക്കുന്ന
സമുദ്രത്തിലെ  അഗാധത്തിലെ ചിപ്പിപോലെ
പവിഴപുറ്റുപോൽ ഭംഗിയാർന്ന
പൂക്കളെ തഴുകുന്ന മന്ദാരമാരുതനാണ് സ്നേഹം.



*(അദീബ.വി.കെ)*

# സുന്ദരമാം പ്രകൃതി



സുന്ദരമാം പ്രകൃതി
കാടുകൾ മലകൾ നിറഞ്ഞ പ്രകൃതി
തോടുകൾ പുഴകളൊഴുകും പ്രകൃതി
വയലുകൾ നിറഞ്ഞൊരു പ്രകൃതി
നിരനിരയായി കുന്നുകൾ നിൽപ്പൂ
വരി വരിയായി കുന്നുകഴ് ന്ൽപ്പൂ
പൂക്കൾ വിരിഞ്ഞു നിൽപ്പൂ
ആടുകൾ മേച്ചു നടക്കും പ്രകൃതി
സുന്ദരമാം പ്രകൃതി
തവളകൾ തുള്ളിച്ചാടി നടപ്പൂ
സുന്ദരമാം പ്രകൃതിയിൽ
സുന്ദരമാം പ്രകൃതി

ദാഫിയ.

# അതിരുകാക്കും മലയൊന്നു തുടുത്തേ

(കാവാലം നാരായണ പണിക്കർ)




അതിരു കാക്കും മലയൊന്നു തുടുത്തേ

തുടുത്തേ തക തക താ.......

അങ്ങ് കിഴക്കാതെ ചെന്താമര കുളിരിന്റെ ഈറ്റില്ല തറയില്

പെട്ട് നോവിന് പെരട്ടുറവ ഉരുകി ഒളിച്ചേ തക തക താ.......

ചതിച്ചില്ലേ നീരാളി ചതി ചതിച്ചില്ലേ;

ചതിച്ചീ തക തക താ........

മാനത്തുയർന്ന മാനക്കോട്ടയല്ലേ...

തകർന്നേ തക തക തക താ.....

തകർന്നിടതൊരു തരി, തരിയില്ല പൊടിയില്ല

പുകയുമില്ലേ തക തക തക താ......

മാനത്തുയർന്ന മനക്കോട്ടയല്ലേ

തകർന്നേ തക തക തക താ......

തകർന്നിടതൊരു തരി, തരിയില്ല പൊടിയില്ല

പുകയുമില്ലേ തക തക തക താ......

കാറിന്റെ ഉലച്ചിലിൽ ഒരു വള്ളിക്കുരുക്കിൽ

കുരലോന്നു മുറുകി തടി ഒന്ന് ഞെരിഞ്ഞു

ജീവൻ ഞരങ്ങി തക തക തക താ.......

ഹാല.

# നഷ്ട പ്രണയം



ഒരു കൊച്ചു ദു:ഖത്തിൽ ഓർമയ്ക്കു
വേണ്ടി ഞാൻ
ഒരു പാട് മോഹങ്ങൾ മാറ്റി വച്ചു
നിരാശയായ് ദേഷ്യമായി
പരോക്ഷമായി മാറി ഞാൻ
എന്നിൽ നിന്ന് അകന്ന് പോയി
വറ്റാത്ത സ്നേഹത്തിന്റെ ഉറവിടം
തേടി ഞാൻ
സ്വപ്ന സഞ്ചാരങ്ങൾ നിർത്തിവെച്ചു
വെറുക്കുന്ന ജീവനെ
കത്തുന്ന അഗ്നിയിൽ
ദഹിപ്പിക്കും വേദന മാറിയില്ല
ഓർക്കാപുറത്തൊരിറ്റു കണ്ണീർ ഞാൻ
ഓർക്കാതെ പോലും വീഴ്ത്തിയില്ല
മറക്കുമെൻ പ്രിയനെ ഞാൻ
വെറുക്കുന്ന ചിന്തയാൽ
ചിരിക്കുന്ന മറ്റൊരു വഴിയിലൂടെ
ജീവിത പാതയിലിന്നു ഞാൻ
ഏകനായി
ആരോടും മിണ്ടാതെ പറന്നകന്നു
കാത്തിരിക്കുന്നു ഞാൻ
വേറിട്ട കാഴ്ചയിൽ
പനിനീർ പൂവെ നിന്നെ തന്നെ .......

സിനാൻ ടി പി

# മുല്ലമൊട്ട്



മുറ്റത്ത് ഞാനൊരു മുല്ല നട്ടു
മുല്ലമേലഞ്ചാറു മൊട്ടുമിട്ടു
രാത്രിയിൽ വിരിയുന്ന പൂവാണ്
പകലതു കാണാൻ രസമാണ്
തുമ്പപ്പൂവിൻ നിറമാണ്
പാലിൻ തൂവെൺമ വർണമാണ്
പാലൊളി തഞ്ചും പൂവാണ്
മുടിയിൽ ചൂടാൻ രസമാണ്
കണിക്കണ്ടുണരാൻ സുഖമാണ്

(അസ്ലഹ.എം)

# പുഴയെ രക്ഷിക്കുക



***സുന്ദരമാം പുഴ നഷിക്കുന്നു***
***ജനങ്ങൾ നശിപ്പിക്കുന്നു***
***മാലിന്യവും മറ്റു സാധനങ്ങളും***
***പുഴയിൽ മാഫിയകളുടെ***
***പൂഴി വാരലും***
***പാടില്ല സോദരെ പാടില്ല***
***ഭൂമി ദേവി കനിഞ്ഞു തന്ന***
***സുന്ദര പുഴയെ നമ്മൾ***
***നശിപ്പിക്കരുത്***
***അത് നമ്മുടെ അമ്മയാം***
***ഭൂമിയെ നിന്ദിക്കുന്നതിന് തുല്യം***
***ഉണരുക നമ്മൾ ബോധവാന്മാരാവുക***
***സുന്ദര പുഴയെ രക്ഷിക്കുക***

(റിഫ .കെ.കെ)

# വഞ്ചി



വഞ്ചി  താളം ചവിട്ടട്ടെ,തുഴയട്ടെ
സലീലമാകുന്ന  കളിവീണയിൽ
ഇളകിത്തുള്ളട്ടെ അതിന്നോളങ്ങൾ
ഹാ! എന്തൊരുൻ മാദമെൻ മനസ്സിൽ
മായുന്നില്ല മറയുന്നില്ല
വഞ്ചിതൻ രൂപമെൻ മനസ്സിൽ
ലോകമാകുന്നൊരു യമുനയിൽ
നീന്തിത്തുടിക്കുന്ന വഞ്ചി,
നിൻ ഗണം കാണുമ്പോളെൻ
മനസ്സിനെത്ര മനോഭിരാമം
വഞ്ചി താളം ചവിട്ടട്ടെ,തുഴയട്ടെ
സലീലമാകുന്ന കളിവീണയിൽ
വഞ്ചിതൻ പ്രപഞ്ചത്തിൽ
പഞ്ചഭൂതമായ് സഞ്ചരിച്ചാൽ
ഓളങ്ങൾ തൻ മാധ്യമത്തിൽ
വഞ്ചിതൻ നൃത്തം ഹാ
എന്തൊരാനന്ദം, കൗതുകം
കളിവീണയിൽ വഞ്ചി
താളം ചവിട്ടട്ടെ, തുഴയട്ടെ
സലീലമാകുന്ന കളിവീണയിൽ

ജുമാന കെ പി

# താമര

താലോലമാടുന്ന താമരപ്പൂവേ......

കാറ്റിന്റെ  ഈണത്തിൽ പാടുന്ന പൂവേ.....



എല്ലാർക്കും സുസ്മിതം നൽകുന്ന പൂവേ......

നിൻ ഭംഗി എന്തൊരാനന്ദം പൂവേ......

ഞാൻ നിന്നെ പറിച്ചെട്ടുത്തോട്ടെ ........?

നിൻ  ഭംഗി ഞാനൊന്നാസ്വദിച്ചോട്ടേ.......?

അർക്കനുദിക്കുമ്പോൾ ഉണരുന്ന പൂവേ .......

താലോലമാടുന്ന താമരപ്പൂവേ......

കാറ്റിന്റെ താളത്തിനൊത്തു നീ ആട്ടൂ

മറ്റുള്ള പൂക്കളോടൊത്തു കളിക്കൂ

*(സഹാദ.ഇ)*

# സ്ത്രീ



കൂട്ടിലകപ്പെട്ട പക്ഷിയെ പോലെ
ഒന്നു പറക്കാനാവാതെ
സ്ത്രീ തേങ്ങുന്നുവോ
നോവിന്റെ സംഗീതം നെറ്റിയിൽ
ചാർത്തി
വെറുതെ പുഞ്ചിരി തൂകുന്നു
പാഴ് വസ്തുവോ സ്ത്രീ
നീറുന്ന മനസ്സുമായി
പെൺമലരുകൾ
ജീവിത വീഥിയിൽ ഒരു കണ്ണീർ കടലിൽ
അവൾ തേങ്ങുന്നു ഏകാന്തമായി
ഒരു പൂവായി ഇരുന്നുവെങ്കിൽ
ഒരു ശലഭമായിരുന്നുവെങ്കിൽ
എന്നവൾ തൻ
ഹൃദയത്തിൽ മോഹിച്ചു
**അവൾ അടുക്കളയിൽ തളച്ചിടാനുള്ളതല്ല**
**നാളയുടെ അഭിമാനമാണ്**
**അവൾ അമ്മയാണ്, ഭാര്യയാണ്**
**സഹോദരിയാണ്, മകളാണ്**
**എല്ലാമാണ് സമൂഹത്തിൽ**
**സ്ത്രീകൾ പിന്തള്ളപെടുന്നു**
**സ്ത്രീയെ കണ്ണീരിനോട് കാവ്യഭാവനയിൽ**
**നിർത്തുക നിങ്ങൾ സ്ത്രീയോടുള്ള ക്രൂരതകൾ**

റിഹാൻ ബി

# പ്രകൃതി നീ എത്ര സുന്ദരി....!



പച്ച പട്ടുചേല വിടർത്തിയിട്ടപോൽ
പച്ച വിരിച്ച വയൽ വരമ്പുകളും
അമ്മാനമാടും ഈ തെങ്ങിൻ
തോപ്പുകളും ....
പാറിക്കളിക്കും കൊച്ചു പക്ഷികളും
തുള്ളിച്ചാടി  നടക്കും മീൻകുഞ്ഞുങ്ങളും
പീലി വിടർത്തിയാടും ഈ മയിലും........
മയിലിനു കൂട്ടായി ചങ്ങാതിമാരും
ആടിക്കളിക്കും ഈ കൊച്ചുപൂക്കളും
തിങ്ങി വളരുമീ ആരണ്യകങ്ങളും
ഈ കൊച്ചു പ്രകൃതി നീ എത്ര മനോഹരി
എന്തൊരു സുന്ദരി....

*(സഹല.കെ.പി)*

# ശേഷം.........



റിസീവർ താഴെ വയ്ക്കുമ്പോൾ എന്റെ മനസ്സ് നിറയെ വിശേഷങ്ങളായിരുന്നു . മൂന്ന് വർഷങ്ങൾക്ക് മുമ്പുള്ള ദിവസങ്ങൾ മനസ്സിനെ തഴുകി. രണ്ടുവർഷം ഒരു പാത്രം ഒരു പായ എന്ന മട്ടിൽ ഒരു കിളിക്കൂട്ടിൽ ഇഷ്ടങ്ങളും ആഗ്രഹങ്ങളും പങ്ക് വച്ചു

ഇങ്ങനെയുള്ള അനുഭവങ്ങൾ നമുക്കിടയിൽ ഉണ്ടാകും. ജോലി നേടാൻ വേണ്ടിയും ജോലിസ്ഥലത്തും സ്വപ്നങ്ങൾ നെയ്തു കൊഴിഞ്ഞ കാലം . എന്നാൽ നാം പറയാറുണ്ട് ഓർമ്മകൾ ചിതലിക്കാറില്ലെന്ന് . എന്നാൽ വിധിയുടെ കളിപ്പാവകളായി രണ്ടു ധ്രുവങ്ങളാണെങ്കിലും ദിനങ്ങളുടെ സമാപ്തി ആ വിളിയിലൊതുങ്ങും "ശേഷം കാണാം"എന്ന വാക്കുകളും .

വിളികളുടെ മായാലോകത്ത് വിശേഷങ്ങൾ കുടക്കീഴിലാകും ദിനങ്ങളുടെ വേവലാതിയും പുതിയ കലണ്ടർ വിശേഷത്തെ സ്വാഗതമരുളി. പുതിയ പുതിയ ചതികളുമായി ക്രിസ്തുമസ്സും റംസാനും വിഷുവും വന്നു . പക്ഷേ അവന്റെ കോൾ കുറഞ്ഞു . എന്റെ മനസ്സ് കൊതിച്ചു.അവൻ വിളിക്കും ശേഷം............

ഒരു സുന്ദര സ്വപ്നത്തെ തട്ടി അവൻ എന്നെ ഉണർത്തി . “അടുത്ത ഞായറാഴ്ച എന്റെ വിവാഹമാണ്.നീ ശനിയാഴ്ച വരണം. “അവൻ തന്റെ പാട്ടുപെട്ടിയെ നിശബ്ദനാക്കി തുടർന്നു.പിന്നെ നിനക്കറിയാമല്ലോ ഈ തിരക്കിനിടയിൽ നേരിൽ കാണാൻ കഴിയില്ലെന്ന് ബാക്കി എല്ലാം ശേഷം നേരിൽ കാണുമ്പോൾ പറയാം............

***സഫ***

# വിശപ്പറിഞ്ഞവൾ

**ഒരു ഉച്ചനേരം. വിനു തന്റെ ലഞ്ച് ബോക്സ് തുറന്നു.നല്ല സ്വാദ് നിറഞ്ഞ ഗന്ധം ചുറ്റും പരന്നു."ഇന്നെന്താടാ വിനു....?”.അവന്റെ കൂട്ടുക്കാരൻ ചോദിച്ചു."പുട്ടും കടലക്കറിയും”.............. വിനു പറഞ്ഞു. അവൻ തുടർന്നു.ഞാൻ എങ്ങനെയാ ഈ ഉച്ചനേരം വരെ ഇരുന്നതെന്ന് എനിക്കെ അറിയു. വേഗമൊന്ന് ബെല്ല് അടിച്ചാൽ മതിയെന്നായിരുന്നു ചിന്ത. വിനു പുട്ടിലേക്ക് കൈവച്ചു.**

**ഉം ........നിന്റെ ഒരുകൊതി.നിന്റേത് നിനക്ക് തന്നയാ.കൂട്ടുക്കാരൻ പറഞ്ഞു കള്ളിയാക്കി.വിനു പുട്ടിൽ കൈവച്ചതും ഒരശരീരി പോലൊരു ശബ്ദം.ചേട്ടാ...എവിക്കും കുടി തരുമോ? വിനുവും കൂട്ടുക്കാരും തിരിഞ്ഞു നോക്കി.അത് അശരീരി അല്ല.അതൊരു പെൺക്കുട്ടിയായിരുന്നു.വിനുവും കൂട്ടുകാരും അവളെ നോക്കി.**



**കീറിപ്പറിഞ്ഞ വേഷഭൂഷാധികൾ,ചമ്പിച്ച മുടിയിഴകൾ,അഴുക്ക് നിറഞ്ഞ മുഖവും കാലുകളും. ഒരു കയിൽ ചാക്കക്കെട്ടുകളും ഉണ്ട്.ഏതോ ഒരു നാടോടിയാ.....വിനു പുച്ചത്തോടെ കൂട്ടുക്കാരനോട് പറഞ്ഞു.**

**ഉം ....കണ്ടാലറിയാം.കൂട്ടുകാരൻ വിനുവിനെ പിന്താങ്ങി.എന്താടി ?വിനു അറപ്പോടെ അവളോട് ചോദിച്ചു.**

**ഞാൻ രണ്ട് ദിവസമായി വല്ലതും കഴിച്ചിട്ട്.എനിക്ക് എന്തെങ്കിലും തര്വോ.....? അവൾ കൈനീട്ടി കൊണ്ട്ചോദിച്ചു. പിന്നെ നിനക്ക് തരാനല്ലെ ഞാൻ ഭക്ഷണം കൊണ്ടു വന്നത്. നിനക്ക് വേണമെങ്കിൽ**

**കുറച്ച് കഴിഞ്ഞ് വാ......അപ്പോഴെ വേസ്റ്റ് ബാസ്ക്കറ്റ് നിറയു..... പരിഹാസത്തോടെ പറഞ്ഞിട്ട്ചിരിച്ചു.**

**പതിയെ ആ പെൺക്കുട്ടിയുടെ കണ്ണുകൾ നിറഞ്ഞു.കണ്ണീർ തുള്ളികൾ അവളുടെ കവിളിൽ വീണുടഞ്ഞു.അവൾ ഒന്നും പറയാതെ വിശക്കുന്ന വയറുമായി തിരിഞ്ഞു നടന്നു.**

സ്കൂൾ വിട്ട് വിനു വീട്ടിലെത്തി.അവന്റെ അമ്മ ചായയുമായി വന്നു.എന്താ അമ്മേ അമ്മയുടെ മുഖം മേഘം വിഴുങ്ങിയത് ........?അവൻ അമ്മയുടെ മുഖത്ത് നോക്കി.അത്..........ഒരു പെൺകുട്ടി ഇവിടെ വന്നിരുന്നു.അവന്റെ അമ്മ വല്ലായ്മയോട് പറഞ്ഞു.

ഏതു പെൺകുട്ടി ? എന്താ അവളുടെ കഥ ?അവൻ ചോദിച്ചു...അമ്മ പറഞ്ഞു തുടങ്ങി.അവലുടെ പേര് വിനീത.3 വർഷങ്ങൾക്ക് മുമ്പ് അവളുടെ അച്ചൻ മരിച്ചുപ്പോയി .ബന്ധുക്കളുടെ നിർബന്ധപ്രകാരം അവളുടെ അമ്മ രണ്ടാം വിവാഹം കഴിച്ചു. ദുഷ്ടനായ രണ്ടാനച്ചൻ അമ്മയുടെ സ്വത്ത് മുഴുവൻ കൈക്കലാക്കി ശേഷം അവരെ കൊന്ന് കളഞ്ഞു.ആറ് വയസ്സ് മാത്രമുള്ള വിനീതയെ അയാൾ പുറം പണിക്ക് വിട്ടു.അതോടെ പഠിക്കാതെയുമായി. കൂടാതെ അവളെ പട്ടിണിക്കിട്ടു. വിശപ്പ് സഹിക്കാനാവാതെ അവൾ ഭക്ഷണം മോഷ്ടിച്ചു. അതോടെ ആൾക്കാർ അവളെ തല്ലുവാൻ തുടങ്ങി.അമ്മ പറഞ്ഞു നിർത്തി.

വിനു ആകാംക്ഷയോടെ അടുക്കള ഭാഗത്ത് പോയി നോക്കി.അവനിൽ ഞെട്ടൽ ഉണ്ടായി.സ്കൂളിൽ വന്ന ആ പെൺകുട്ടിയെ അവൻ കണ്ടു. അവൾ പേടിച്ചു പോയി.പേടിക്കണ്ട,ഞാൻ ഒന്നും ചെയ്യില്ല. തന്റെ കഥയൊന്നും എനിക്കറിയിലായിരുന്നു.ഇനി നീ എന്നും എന്റെ സ്കൂളിൽ വന്നോളൂ.ഞാനെന്നും നിനക്ക് ഭക്ഷണം തരാം.വിനീത വിനുവിനെ നോക്കി കൊണ്ട് തലയാട്ടി.



ഇതിന് ശേഷം വിനു എന്നും വിനീതയ്ക്ക് ഭക്ഷണം കൊടുക്കുമായിരുന്നു. കുറച്ച് മാസങ്ങൾക്ക് ശേഷം അവൾ സ്കൂളിൽ വരാതായി.രണ്ടാനച്ചന്റെ കൈകളാൽ അവൾ മരണമടഞ്ഞു എന്ന വിവരം എല്ലാവരും അറിഞ്ഞു. കുറ്റവാളിയും പിടിക്കപ്പെട്ടു.ഇന്നും വിനീത വരും എന്ന പ്രതീക്ഷയുമായി ദൂരേക്ക് കണ്ണും നട്ട് വിനു കാത്തിരിക്കുന്നു.

*(ഹംന.വി.കെ)*

# തെയ്യം



ദൈവ ശബ്ദത്തിൽ നിന്നാണ് തെയ്യമെന്ന പദത്തിന്റെ നിഷ്പത്തി.ആരാധനാപരമാണ് നൃത്തവും അനുഷ്ഠാന പൂർവ്വകം തന്നെ.മൂത്ത്യാവ സംസ്ഥാനങ്ങളായ കാവുകളിലും,കോട്ടങ്ങളിലും മറ്റും കൊല്ലംതോറും നിശ്ചിത മാസങ്ങളിലും തീയതികളിലും ആണ് ആരാ ധനോൽസവം കൊണ്ടാടാറുള്ളത്.

ചെണ്ട വേളകള്ക്കു ശേഷം കോലങ്ങൾ വന്നു നൃത്തം വയ്ക്കുകയും തോറ്റം ചൊല്ലി വെളിച്ചപ്പെടുകയും ചെയ്യുന്നു.സന്ധ്യയോടുകൂടി കൊടി വിളക്കു പിടിപ്പിച്ചു പ്രത്യേക വാദ്യഘോഷങ്ങളോടെ 'ഇളം കോലം' പുറപ്പെടുകയായി.പിന്നീട് തോറ്റം പാട്ടുകൾക്കു ശേഷം ദേവതാ വിഷ്ടനായ വേഷക്കാരൻ ആയുധങ്ങൾ-എടുത്ത് ന്റത്തം ചെയ്യുന്നു.

അരുളപ്പാട്ടുകൾ നൽകുന്നു വ്യത്യസ്ത ര്രൂപങ്ങളിലു-ള്ള തെയ്യങ്ങൾ ഉണ്ട്.വൈചിത്യ മുഖമെഴുത്തുകൾ;അ-ലങ്കാരങ്ങൾ.വേഷവിധാനങ്ങൾ,ഇവയെല്ലാം തന്നെ തെ

യ്യങ്ങളുടെ  പ്രത്യേകതകളാണ്.
നീണ്ടതും കുറുകിയതുമായ മുടികളുടെ വ്യത്യാസ
ത്തിൽ തെയ്യങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു.ഒരു
യോധന കല കൂടിയാണ് തെയ്യം.
ആയുധം കൊണ്ട് പയറ്റുന്നവരാണ് മിക്ക തെയ്യങ്ങളും
ഒറ്റക്കോല മണിയുന്ന ആൾ നാൽപ്പതു ദിവസം യുദ്ധ
ചര്യയിൽ വ്രതാനുഷ്ഠാന പൂർവ്വം സ്വയം പാകം ചെയ്
താഹാരിച്ച് ദേവതാനുസ്മരണത്തോടെ വർധിക്കണമെന്ന്
ആണ് സങ്കൽപ്പം.
അഗ്നി പ്രവേശം ചെയ്യുന്ന  തെയ്യങ്ങൾ ആടാറുണ്ട്.
പ്രധാന തെയ്യക്കോലങ്ങൾ ഇവയാണ്.ഘണ്ടാകർണൻ
കുട്ടിച്ചാത്തൻ,പൊട്ടൻതെയ്യം,വിഷ്ണു മൂർത്തി,വയനാടൻ
കുലവൻ,ബപ്പൂരൻ,താഴയിൽ പരദേവത,മുത്തപ്പൻ,ശ്രീകു-
റുമ്പ,കുണ്ടോർ,ചാമുണ്ടി തുടങ്ങിയവയാണ്.
കണ്ണൂർ ജില്ലയിലെപറശ്ശിനിക്കടവ് മുത്തപ്പൻ കോവിൽ
പ്രധാന തീർത്ഥാടന കേന്ദ്രം ആണ്.

(ലിയ.കെ)

# അഭയ



*കുംടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ നിരവധി പ്രശ്നങ്ങൾ അഭീമുകീരിക്കുന്നു ഈ പ്രശ്നങ്ങളൊക്കെ സാഹിത്വത്തിലും വിശയമാകുന്നു അതുകൊണ്ട് തന്നെ സ്ത്രീ ജീവിത സംഘർഷങ്ങൾ വിഭിന്നരൂപത്തിലും ഭാവത്തിലും ആവിഷ്ക്കരിക്കുന്ന നിരവധി രചകൾ മലയാളത്തിൽ ഉണ്ട് സുഗതകുമാരി , സാവിത്രിരാജീവൻ ,ഒളപ്പമണ്ണ , ഒ എൻ വി , വിജയലക്ഷ്മി , ടി പി രാജീവൻ തുടങ്ങിയവരുടെ കവിതകൾ ഉദാഹരണങ്ങളാണ് കാലാതിവർത്തിയായ സ്ത്രീ ജീവിത സഹനങ്ങളാണ് "പെൺ കുഞ്ഞ്-90" എന്ന കവിതയിൽ സുഗതകുമാരി ആവിശ്ക്കരിക്കുന്നത് ഇന്ന് സമൂഹത്തിലെ സത്രീകൾ കയ്യേറിയ അനുഭവങ്ങളിലൂടെ സഞ്ചരിച്ച് കൊണ്ടിരിക്കുന്നത്*

*സുഗതകുമാരി നേതൃത്വത്തിൽ ഏതാനും മനുഷ്യസ്നേഹികൾ 1985 ൽ രൂപം കൊടുത്ത സംഘടനയാണ് അഭയ 85 വരെ കേരളത്തിലെ മനോരോഗ ആശുപത്രികളെല്ലാം അടഞ്ഞ ആശുപത്രികളായിരുന്നു ആർക്കും കയറുവാനോ രോഗികളെ കാണുവാനൊ കഴിയാത്ത അവസ്ഥ അഭയയുടെ ശ്രമഫലമായി അവയുടെ കതകുകൾ 85 ൽ തുറക്കപെട്ടു ഇപ്പോൾ അഭയയുടെ കീഴീൽ മനോരോഗ പുനരതിവാസ കേന്ദ്രങ്ങൾ ലഹരിവിമോചന പ്രസ്ഥാനം പെൺ കുട്ടികൾക്ക് വേണ്ടി ബാല കൗൺസിലിംഗ് സെന്ററുകൾ എന്നിവ പ്രവ്രത്തിക്കുന്നത്.*

*റജീന . പി*

# ആനന്ദം



സഞ്ചരിക്കുന്ന വാഹനത്തിലൂടെ പുറത്തേക്ക് നോക്കുമ്പോൾ വശ്യമനോഹരമായ കാഴ്ചകൾ വയനാട്ടിലേക്കായിരുന്നു യാത്ര . ചുരം കയറുമ്പോൾ ഒരു ചായ കുടിക്കാൻ വേണ്ടി വണ്ടി നിർത്തി . ഇളം കാറ്റും പച്ചപ്പും ആസ്വദിച്ച് ചായ കുടിക്കാം പിന്നീട് കാപ്പിത്തോട്ടങ്ങൾക്കിടയിലൂടെ ഞങ്ങൾ നടന്നു. പ്രക്രതിയോടലിഞ്ഞ് ചേർന്നൊരു അനുഭവമായിരുന്നു അത് പിന്നീട് ഞങ്ങൾ പോയത് വയനാട്ടിലെ ഏറ്റവും കൂടുതൽ പ്രസിദ്ധമായതും ഏറ്റവും കൂടുതൽ സഞ്ചാരികളുള്ള എടക്കൽ ഗുഹയിൽ കേറാൻ കുറച്ച് പ്രയാസമാണെ് എന്നാലും അവിടെയെത്തുമ്പോൾ പഴമയുടെ ആഴങ്ങളിലേക്ക് നാം ഇറങ്ങുന്നു . അതിന് ശേഷം ഞങ്ങൾ വയനാടിന്റെ സ്വന്തം ബാണാസുര സാഗർ ഡാമിലേക്ക് വയനാടിലെ ഒരേയൊരു ഡാമാണ് വയനാടിലെ കാപ്പിത്തോട്ടങ്ങൾ സഞ്ചാരികളുടെ മനസ്സ് കവരുന്ന ഒന്നാണ് ചുരം കയറുമ്പോഴുള്ള മലകൾ വയനാടിന്റെ പ്രകൃതി ഭംഗിയെ ഒന്നു കൂടി സുന്ദരമാക്കുന്നു , അവിടെ നിന്ന് തിരിച്ച് വരുമ്പോൾ കണ്ട സ്ഥലങ്ങൾ ഒന്നു കൂടി കാണാൻ തുടങ്ങി . അവിടുത്തെ ജനങ്ങളുടെ സംസാരവും സംസ്കാരവും ഞങ്ങളെ അത്ഭുതപ്പെടുത്തുന്നു

*ഹിബ.എൽ*

# മാനുഷ പരിസ്ഥിതി



*മാലിന്യ ഗോപുരമാണെൻനാടിതു*
*മാനവവാസകേന്ദ്രം*
*വൃക്ഷത്തൈകൾ വെട്ടിമുറിച്ചു*
*മനുഷ്യനാമീ നാട്ടിൽ*
*മൃഗമാമീ വേദിനി മുഴുവൻ*
*ചീത്തയായി നശിക്കുന്നു*
*വിശ്വപ്രകൃതി വെറും കയ്യോടെ*
*വെട്ടി നശിക്കുന്നു മോദിനി*
*ഇന്നീ മാനുഷസ്വരൂപത്തിൽ*

*ഒട്ടും തന്നെയില്ലാ ..... ഭൂതി*
*ഇന്നീ നാടിതു മാനുഷ പരിസ്ഥിതി*

*നസൈർ സി പി*

# പ്രകൃതി നമ്മുടെ ജീവൻ




പ്രകൃതിയെ കുറിച്ച് പറയുകയാണെങ്കിൽ വാക്കുകളില്ല . എന്നാൽ ഇന്ന് പ്രകൃതിയും പ്രകൃതി ഭംഗിയും ഇല്ലാതായി . പ്രകൃതിയെ മനുഷ്യൻ ഇഞ്ചിഞ്ചിയി കൊന്ന് കൊണ്ടിരികുകയാണ് ചെയ്യുന്നത് . പ്രകൃതി ഇല്ലെങ്കിൽ പക്ഷി മൃഗം മനുഷ്യൻ ഇവയൊന്നുമില്ല . ഹരിതകമാണ് പ്രകൃതിയിലെ ഭംഗി ഹരിതകത്തെ മനുഷ്യൻ ഇല്ലാതാക്കുന്നത് എങ്ങനെയെന്നാൽ ഹരിതകത്തിന്റെ ആളുകളായ മരങ്ങളും ചെടികളും ആണ് ജനങ്ങൾ നശിപ്പിക്കുന്നത് അതുകൊണ്ട് തന്നെ പ്രകൃതിയുടെ ഹരിതകം ഇല്ലാതായി അതൊന്നും പോരാനിട്ട് പുഴകളെയും തോടുകളെയും കായലുകളെയെല്ലാം മനുഷ്യൻ മലിനമാക്കി അവയേയും കൊന്നൊടുക്കുന്നു

പണ്ടുകാലത്ത് ഹരിതകം കൊണ്ട് നിറഞ്ഞതായിരുന്നു നമ്മുടെ പ്രകൃതി പചപ് നിറഞ്ഞ ഗ്രാമം കാണാൻ നല്ല ഭംഗിയായിരുന്നു . കൃഷികളായും മരങ്ങളായും ചെടികളായും നിറഞ്ഞുനിൽക്കുന്ന പ്രകൃതി . ആ പ്രകൃതി ഭംഗി കണ്ടാൽ ആരുടെ മനസ്സിലും സന്തോഷമായിരിക്കും പ്രകൃതി ഭംഗിയേക്കാൾ ലോകത്ത് വേറൊരു ഭംഗിയില്ല പ്രകൃതി ഇല്ലാതാകുമ്പോൾ നമ്മുടെ ജീവന് തന്നെയാണ് ആപത്ത്

കൂട്ടുകാരെ ........

എനിയെങ്കിലും ഓർക്കുക ! പ്രകൃതി നമ്മുടെ ജീവനാണ് പ്രകൃതിയാണ് നമ്മുടെ സമ്പത്ത് പ്രകൃതിയെ നശിപ്പിക്കരുത് . പ്രകൃതി നശിക്കുമ്പോൾ നശിക്കുന്നത് നമ്മുടെ ജീവനാണ് നമ്മുടെ ജീവന് തന്നെയാണ് ഭീഷണി അതിനാൽ പ്രകൃതിയേയും പ്രകൃതി ഭംഗിയേയും കാത്ത് സൂക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്

ഇർഫാൻ കെ

# ഓണപ്പൂക്കൾ

## തുമ്പ



തുമ്പ നൽകുന്ന ശുഭ്രതയും ഭംഗിയും മറ്റൊരു പൂവിനും നൽകാനാവില്ല ദ്രോണപുഷ്പി , കുതുംബിക എന്നും പേരുണ്ട . കരിംതുമ്പ ചെരുംതുമ്പ എന്നിങ്ങനെ കേരളത്തിൽ രണ്ടുതരം തുമ്പകൾ ഉണ്ട്.

## മുക്കുറ്റി



ഒരു കൊച്ചു കളം തീർക്കാൻ പോലും ഏറെ വേണ്ടി വരുന്ന പൂവാണ് മുക്കുറ്റി നാട്ടുപൂക്കളിലെ ഇത്തിരി കുഞ്ഞനായ മുക്കുറ്റി ആയുർവേദ വിധി പ്രകാരം ഉള്ള ദശ പുഷ്പങ്ങളിൽ ഒന്നാണ് കാഴ്ചയിൽ തെങ്ങിന്റെ മിനിയേച്ചർ എന്നും വിശേഷിപ്പിക്കാം മുക്കുറ്റി ചെടിയെ .

സഫ

# മിട്ടു പഠിച്ച പാഠം

*ഒരിടത്ത് മിട്ടു എന്നൊരു പയ്യനും അവന്റെ  അമ്മയും താമസിച്ചിരുന്നു. അമ്മയ്ക്ക് വയ്യാതായപ്പോൾ മിട്ടു ജോലിക്കു പോയി തുടങ്ങി. അമ്മ വീട്ടു ജോലിക്കാണ് പോകാറ്. അവനും അവിടെ ജോലിക്കു പോയി. അവിടെ ഒരു കൊച്ചമ്മയും സാറും മാത്രമാണ് താമസിക്കുന്നത്. ജോലിക്കു പോയ അന്നു രാത്രി അവൻ ഭക്ഷണം ഉണ്ടാക്കി. കറിക്ക് എത്ര സ്പൂൺ ഉപ്പിടണമെന്ന് അവന് അറിയില്ല. അമ്മ പറഞ്ഞത് രണ്ട് സ്പൂൺ ഉപ്പിടണമെന്നാണ്. എന്നാൽ അതിനു വിപരീതമായി അവൻ നാല് സ്പൂൺ ഉപ്പിട്ടു. ഒരു വിധം ചോറും കറിയും തയ്യാറാക്കി. കൊച്ചമ്മയും സാറും ഭഷണം കഴിക്കാനെത്തി. അവർ മിട്ടുവിനെ വഴക്കു പറഞ്ഞു. "കറിക്ക് എന്തൊരു ഉപ്പാ" കൊച്ചമ്മ പറഞ്ഞു. അന്ന് അവർ ഭഷണം കഴിച്ചില്ല. അന്നത്തെ ഭഷണം ആർക്കും കഴിക്കാൻ കഴിയാതെ പാഴാക്കി. പിറ്റേ ദിവസം തന്നെ ജോലിയിൽ നിന്നും പിരിച്ചു വിട്ടു. വീട്ടിലെത്തിയ ഉടനെ അവൻ അമ്മയോട് കാര്യങ്ങൾ പറഞ്ഞു. ഇതു കേട്ട അമ്മയുടെ മറുപടി ഇങ്ങനെയായിരുന്നു. "ഒരു കാര്യം ചെയ്യുമ്പോൾ രണ്ടു വട്ടം ആലോചിക്കണം. മനസ്സിലായോ" അമ്മ പറഞ്ഞത് കേട്ട് അവൻ തല കുനിച്ചു.*

ആയിഷ.

# നാറാണത്ത് ഭ്രാന്തൻ



പറയിപ്പെറ്റ പന്തിരുകുലത്തിലാണ് അഞ്ചാമനാണ് നാറാണത്ത് ഭ്രാന്തൻ.സ്വന്തം പ്രവൃത്തികളിലെ വൈചിത്ര്യവും അസാധാരണത്വവും കൊണ്ട് 'ഭ്രാന്തൻ' എന്നറിയപ്പെട്ട നാറാണത്തിന്റെ രസകരമായ കഥകളാണ് . ഈ പുസ്തകത്തിൽ ഉള്ളത്. വളരെ പ്രയാസപ്പെട്ട് മലമുകളിൽ എത്തിച്ച പാറക്കഷ്ണങ്ങൾ താഴേക്ക് ഉരുട്ടിവിട്ട് ആർത്തുചിരിച്ചാനന്ദിക്കുന്ന നാറാണത്തിന്റെ ഭ്രാന്തിനു പിന്നിലും ഒരു ഗുണപാഠം ഉണ്ട്. കഠിന പ്രയത്നം ചെയ്താൽ മാത്രമേ ഏതൊരാൾക്കും അഭ്യുന്നതയിലെത്താൻ പറ്റൂ .എന്നാൽ ഉന്നതസ്ഥാനത്തുനിന്നും നിലം പതിക്കാൻ നിഷ്പ്രയാസം സാധിക്കും. സൽപ്പേര് സമ്പാദിക്കാൻ ബുദ്ധിമുട്ടണം,മറിച്ച് ദുഷ്പേര് നേടാനോ നിമിഷ നേരം കൊണ്ട് സാധിക്കും. പ്രമുഖ ബാലസാഹിത്യകാരനായ ശ്രീ.എ.ബി.വി. കാവിൽ പാട് രചിച്ച ഈ പുസ്തകം ഒട്ടേറെ ഗുണപാഠങ്ങൾക്കൊപ്പം ചിരിക്കും ചിന്തയ്ക്കും വക നൽകുന്നു

അനുപമ .കെ

# അഗ്നിമനുഷ്യൻ

കോട്ടയം പുഷ്പനാഥൻ എഴുതിയ ഭീതി ജനകമായ സംഭവ പരമ്പരകൾ നിറഞ്ഞ ഒരു നോവലാണ് 'അഗ്നിമനുഷ്യൻ'. ട്രാൻസിൽ വാനിയായിലെ താഴ്‌വാരയിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള കോട്ടയും അതിനുള്ളിലെ ഭീതിജനകമായ കൊട്ടാരവും, നിഗൂഢ രഹസ്യങ്ങളുടെ കലവറയായ ആ കൊട്ടാരത്തിലേക്ക് പുറപ്പെട്ട ഒരു ശാസ്ത്ര ഗവേഷകനെ കാണാതായി. അവിടെ പോയവരാരും മടങ്ങിയെത്തിയിട്ടില്ല. എന്നേരം പിന്നീട് ആ കഥാനോവലിൽ നിന്ന് അറിയാനിടയായി. കൊട്ടാരത്തിലെ രഹസ്യ അറകളിൽ സൂക്ഷിച്ചു വെച്ചിട്ടുള്ള അമൂല്യമായ നിധി ശേഖരവും കരിങ്കൽ കോട്ടയിലെ അജ്ഞാത രഹസ്യങ്ങളും തേടി ഒരു സാധാരണ മനുഷ്യൻ അവിടേക്ക് പുറപ്പെട്ട ഒരു ഭീതി ജനകമായ സംഭവ പരമ്പരകൾ നിറഞ്ഞ ഒരു നോവലാണ് അഗ്നിമനുഷ്യൻ എന്ന നോവൽ.

സിബെ.

# സ്നേഹം

*ഇതരഭാവങ്ങൾ തൻ ഭാഷയല്ലോ സ്നേഹ-*
*മന്ധകാരത്തിൻ പ്രകാശമല്ലോ......*
*സ്വപ്നങ്ങൾ വറ്റാത്തൊരുറവയല്ലോ,സ്നേഹ-*
*മെന്നും മനസ്സിന്റെ ദീപമല്ലോ......*
*ലോകത്തിനാധാര ബിന്ദുവല്ലോ സ്നേഹ-*
*മഖില ചരാചര പ്രാണനല്ലോ......*
*മഴവില്ലുപോലെ മനസ്സിന്റെ വാനിലായ്*
*വർണം പരത്തുന്ന സ്നേഹമെന്നും.*
*ഇരുളിൽ പരക്കുന്ന വെൺനിലാവൊളിയായ്*
*കുളിരായ് മഞ്ഞിൽ പൊതിഞ്ഞ സത്വം.*
*ജീവിതമാകുമീ നീർപ്പോളയെപ്പഴോ*
*ചിന്നിച്ചിതറി തെറിച്ചുപോകും*
*എന്തുനേടിയെന്നു ഭൂമി ചോദിക്കുമ്പോൾ*
*സ്നേഹമാം ജ്വാലതൻ ദീപ്തിമാത്രം*
*ഭൂമിയെ സ്നേഹിച്ചു;മൃത്യുവിൻ കൈകളിൽ*
*മർത്യൻ തൻ ഗന്ധം അകന്നു പോയി.*
*എന്തിനുവേയെന്നമ്മയാം ഭൂമിയി-*
*ന്നിങ്ങനെ ഓർത്തു കരയുന്നവോ?*
*അകലെയാകാശത്തിലൊരു കൊച്ചു താരമാം*
*സ്നേഹപ്രകാശം കൊതിക്കുന്നുവോ?*
*അകലെയെന്നാകിലും അരികെവരുമെന്നോ-*
*രാശതൻ പൂച്ചെണ്ട വിടരുന്നുവോ?*

*തൻസീഹ*

# കഥകളി

## കഥകളിയുടെ ഉത്ഭവം

വിവിധ കലകളുടെ സമഞ്ജന സമ്മേളനം കൊണ്ട് പൂർണ്ണതയിലെത്തിയ ഒരു രൂപമാണ് കഥകളി. നൃത്തം,സംഗീതം, അഭിനയം, മാദ്യം എന്നീകലകൾ കഥകളിയിൽ ലയിച്ചുചേർന്നിരിക്കുന്നു. കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. രാമനാട്ടകർത്താവായ കൊട്ടാരത്തമ്പുരാനെയാണ് ആട്ടക്കഥാസാഹിത്യത്തിന്റെ ഉപജ്ഞാതാവായി കണക്കാക്കുന്നത്.



ഗീതാഗോവിന്ദാഭിനയത്തിന്റെ പ്രേരണയിൽ നിന്ന് ഉടലെടുത്ത ഒരു വിനോദമാണ്. കൃഷ്ണനാട്ടം. അന്ന് വടക്കൻ ദിക്കുകളിൽ പ്രചാരത്തിലിരുന്ന അഷ്ട്ടപദിയാട്ടത്തിന്റെയും അതിന്റ ചുവട് പിടിച്ച് സൃഷ്ട്ടിച്ച കൃഷ്ണനാട്ടത്തിന്റെയും രീതിയിലാണ് തമ്പുരാൻ രാമനാട്ടം രചിച്ചത്. എ.ഡി പതിനേഴാം ശതകമാണ് ഇദ്ദേഹത്തിന്റെ കാലമെന്ന് കരുതുന്നുവെന്നാണ് പറയുന്നത്. രാധാവധാരന്മാരുടെ സല്ലാപകേളികൾ 'ലളിതകോവളകാന്തപദാവലി' യിലൂടെ ഹൃദയഹാരിയായി അവതരിപ്പിക്കുന്ന ഒരു സംസ്കൃത കാവ്യമാണ് അഷ്ടപതി അഥവാ ഗീതാഗോവിന്ദം. ഭക്താ ഗണിയായിരുന്ന ജയദേവൻ എന്ന കവിതയുടേതാണ് ശ്രംഗാരരസം വഴിഞ്ഞൊഴുകുന്ന ഈ മനോഹര കാവ്യം. ഇതിൽ കവിവാക്യം ശ്ലോകത്തിലും കഥാപാത്രങ്ങളുടെ സംഭാഷണം പദരൂപത്തിലുമാണ്. പല്ലവി, അനുപല്ലവി, ചരണം എന്നീ മൂന്ന് ഘടകങ്ങൾ ചേർന്ന ഒരു ഖണ്ഡത്തെയാണ് പദം എന്നു പറയുന്നത്. ഈ രീതി തന്നെയാണ് കൃഷ്ണനാട്ടത്തിലും പിൻതുടരുന്നത്.

തന്റെ അഭ്യർത്ഥനാവർത്തിച്ച് കൊട്ടാരക്കരയിലേക്ക് കൃഷ്ണനാട്ടക്കാരെ സാമൂതിരി അയക്കുന്നതിന്റെ വാശിയിലാണ് കൊട്ടാരത്തമ്പുരാൻ രാമനാട്ടം രചിച്ചതാണെന്ന് ഐതിഹ്യം രാമനാട്ടത്തിലെ രാമായണകഥയിലെ പ്രധാന സംഭവങ്ങൾ എട്ടുഖണ്ഡങ്ങളിലായി ഉൾപ്പെടുത്തിയിരിക്കുന്നു. രംഗങ്ങളുടെ സംഘർഷാത്മകതകൊണ്ടും വേഷവൈവിധ്യം കൊണ്ടും കാണികൾ ഇഷ്ടപ്പെടുന്ന കഥകളായ സീതാസ്വയംവരം,

ബാലിവധം, തോരണയുദ്ധം എന്നിവ ഇന്നും ആടാറുണ്ട്.

കേരളത്തിലെ ഒരു നാട്യകലയായ കഥകളിയെ സർവ്വഥാരണീയമായ ഒരു ദൃശ്യകലയാക്കി മാറ്റിയത് കോട്ടയം കേരളവർമത്തമ്പുരാനാണ്. കഥയെ അടിസ്ഥനമാക്കി കളിക്കുന്നത് എന്നർത്ഥത്തിലാണ് കഥകളി എന്നു പറയുന്നത്. ആട്ടം എന്നും പറയാറുണ്ട്. കഥകളി അരങ്ങത്തുവയ്ക്കുന്ന വിളക്കിന് ആട്ടു വിളക്ക് എന്നു പറയുന്നത്.

ഈ ദൃശ്യകലയിൽ കഥാപാത്രങ്ങൾ ആംഗ്യം കൊണ്ട് (മുദ്രകൈ) കാണികളെ കഥ ഗ്രഹിപ്പിക്കുന്നു. ആംഗ്യം പിറകിൽ നിന്നും പാടുന്നവരുടെ പദങ്ങൾക്കനുസരിച്ചാണ് കാണിക്കുന്നത്. ധാന്യത്മകമാണ് കലയെങ്കിൽ (ധ്യനിയാണ് കലയുടെ ജീവനെങ്കിൽ) ലോകത്ത് ഇന്നുവരെ ഉണ്ടായിട്ടുള്ളതിൽ വെച്ച് ഏറ്റവും ഉത്തമമായ കലാരീതി കഥകളിയാണ്. അഭിനയത്തിന്റെ എല്ലാ വശങ്ങളും ആംഗികം, വാചികം, ആഹാര്യം, സാത്വികം എന്നീനാലു നൃത്തനൃത്യനാട്യങ്ങളും ഒത്തിണങ്ങിനിൽക്കുന്നതുകൊണ്ടാണ് കഥകളി ഒരു സമ്പൂർണ്ണ അഭിനയകലയായി പ്രസിദ്ധിയാർജ്ജിച്ചത്.

*ഹാനി.*


# കോവിലൻ



പ്രസിദ്ധ നോവലിസ്റ്റും ചെറുകഥാകൃത്തും ആയ കോവിലൻ തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരിയിൽ ജനിച്ചു. കണ്ടാണശ്ശേരിയിൽ വട്ടം പറമ്പിൽ വേലപ്പൻ അയ്യപ്പൻ അയ്യപ്പൻ എന്നാണ് യതാർത്ഥ പേര്. കോവിലൻ എന്നത് തൂലികാനാമമാണ്. ഇന്ത്യൻ സൈന്യത്തിൽ ജോലി ചെയ്തു. പട്ടാളക്കഥകളെഴുതിയാണ് പേരെടുത്തത്. തട്ടകം എന്ന നോവലിലൂടെ തന്റെ ജന്മ നാടിന്റെ കഥ പറഞ്ഞു. എ മൈനസ് ബി , ഹിമാലയം,ഭരതൻ(നോവൽ), ശകുനം,തേർവാഴ്ച (കഥാ സംഹാരങ്ങൾ ) കോവിലന്റെ ലേഖനങ്ങൾ (ഉപന്യാസങ്ങൾ ) എന്നിവയാണ് മറ്റ് പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചു

*ഹിബ.എൽ*

# കഥകളുടെ സുൽത്താൻ



വൈക്കം മുഹമ്മദ് ബഷീർ (1908-1994) ബഷീർ ലോകത്തോട് വിട പറഞ്ഞിട്ട് 19 കൊല്ലം പിന്നിട്ടു കഴിഞ്ഞു. എങ്കിലും ബഷീർ ഇന്നും മലയാളി വായനക്കാർക്കൊപ്പം ജീവിക്കുന്നു .പ്രക്രതിയെ സ്നേഹിക്കുകയും സഹജീവികളോട് സമഭാവനയോടെ ഇടപെടുകയും ചെയ്യണമെന്ന് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്ത ഒരു മഹത് വ്യക്തിയാണ് വൈക്കം മുഹമ്മദ് ബഷീർ .

1908 january19 ന് വൈക്കം താലൂക്കിൽ തലയോല പറമ്പിൽ ജനച്ചു. സ്വാതന്ത്ര്യ സമര സേനാനി എന്ന നിലയിൽ മദിരാശി, കോഴിക്കോട്, കോട്ടയം, കൊല്ലം, തിരുവനന്തപുരം,ജയിലുകളിൽ കിടന്നിട്ടുണ്ട് . ഭഗത് സിംഗ് ,രാജഗുരു , സുഖ്ദേവ്-മോഡൽ തീവവാദ സംഘടനകളുണ്ടാക്കി പ്രവർത്തിക്കുകയും സംഘടനയുടെ മുഖപത്രമായി 'ഉജ്ജീവനം'എന്നൊരു വാരിക നടത്തുകയും ചെയ്തു . പത്തുവർഷത്തോളം ഇന്ത്യയിൽ ഒട്ടാകെ അലഞ്ഞുതിരിഞ്ഞു നടന്നു.AFRICA, ARABIA , തുടങ്ങിയ രാജ്യങ്ങളിൽ ഊരു ചുറ്റി .

ബാലകാല്യസഖി, പാത്തുമ്മയുടെ ആട് ,ന്റെപ്പൂപ്പാക്കൊരാനേണ്ടാർന്നു,എന്നീ ക്രതികൾ ഡോ . ആഷർ ഇംഗ്ളീഷിലേക്ക് തർജ്ജിമ ചെയ്ത് സ്കോർട്ടുലാന്റിലെ എഡിൻബറോയൂനിവേർസിറ്റി പാഠപുസ്തകമായി പ്രസിദ്ധീകരിച്ചിരിക്കുന്നു ,

കേരള സാഹിത്യ അക്കാദമി,കേന്ദ്ര സാഹിത്യ അക്കാദമി എന്നിവയുടെ ഫെലോഷിപ്പും ഇന്ത്യ ഗവൺമെന്റിന്റെ പത്മ ശ്രീ പട്ടവും ലഭിച്ചു . (1982) കാലിക്കറ്റ് യൂനിവേഴ്സിറ്റി ഡോക്ടർ ഓഫ് ലെറ്റേഴ്സ് ബിരുദം നൽകി ബഹുമാനിച്ചു. (1987) ലളിതാംബിക അന്തർജനം സാഹിത്യ അവാർഡ് (1992) പാത്തുമ്മയുടെ ആടിന് മുട്ടത്തുവർക്കി അവാർഡ് (1993)വള്ളത്തോൾ അവാർഡ് എന്നിവ ലഭിച്ചു.

റഹല .പി

# കാളിദാസൻ



ബി.സി.ഒന്നാം ശതകത്തിൽ ജീവിച്ചിരുന്ന  ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ രാജധാനിയിലെ നവരത്നങ്ങളിലൊരാളായ കാളിദാസൻ  സംസ്ക്രതത്തിലെ പ്രഗത്ഭനായ നാടകക്രത്തും കവിയുമായിരുന്നു. പ്രേമവും പ്രേമബന്ധത്തിലെ വേദനയും ലളിതമായ ശൈലിയിൽ മനോഹരമായി വിവരിക്കുന്ന മേഘസന്ദേശം, ഋതുക്കൾ മാറുന്നതിനനുസരിച്ച് പ്രക്രതിയിലുണ്ടാവുന്ന മാറ്റങ്ങൾ വരച്ചു കാട്ടുന്ന ഋതുസംഹാരം അഭിജ്ഞാന ശാകുന്തളം,കുമാര സംഭവം, മാളവികാഗ്നി മിത്രം, രഘുവംശം,വിക്രമോർവ്വശീയംഎന്നിവയാണ് കാളിദാസന്റെ പ്രധാന ക്രതികൾ. ഇതിൽ അഭിജ്ഞാന ശാകുന്തളം ഏറെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.ഭൂമിയും, സ്വർഗ്ഗവും ഒന്നിക്കുന്ന മഹാകാവ്യമാണ് ശാകുന്തളത്തെ ജർമ്മൻ നിരൂപകനായ ഗോയ്ഥേ വിശേഷിപ്പിച്ചത്

*ശസ .കെ*

# ഉള്ളൂർ

ജനനം: (1877:(1052 ഇടവം 25)

മരണം:1949 ജൂൺ 15

മുഴുവൻ പേര് : ഉള്ളൂർ എസ് പരമേശ്വർ



മലയാളത്തിന്റെ പ്രഗത്ഭനായ കവിയായ ഉള്ളൂർ പണ്ഡിതൻ ,ഗവേഷകൻ എന്നീ നിലകളിലും പ്രാവിണ്യം തെളിയിച്ചിട്ടുണ്ട്. ബാല്യത്തിൽ തന്നെ സംസ്‌ക്രതത്തിലും ഇംഗ്ലീഷിലും പാണ്ഡിത്യം നേടി. 1914-ൽ മഹാകാവ്യമായ ഉമാ കേരളം രചിച്ചു. അദ്ദേഹത്തിന്റെ കവിതകളിൽ സംസ്‌ക്രതത്തിന്റെ സ്വാധീനം ക്രുടുതലുണ്ടായിരുന്നു .

ഉല്ലേഖഗായകൻ എന്നറിയപ്പെടുന്ന ഉള്ളൂരിന് കൊച്ചിരാജാവും . ശ്രീ ചിത്തിര തിരുനാൾ മഹാരാജാവും യഥാക്രമം കവിതിലകൻ, മഹാ കവി എന്നീ ബിരുദങ്ങൾ നൽകി ആദരിച്ചു .

ശ്രീ മൂലം തിരുനാൾ മഹാരാജാവിന്റെ വീരശ്രുംഖല , റാവു സാഹിബാ സാഹിത്യ ഭ്രഷൺ, ഉജ്ജ്വല ശബ്ദാഢ്യൻ . എന്നീ ബഹുമതികളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

പിംഗള, കർണ്ണ ഭൂഷണം ,ദീപാവലി ,തുടങ്ങിയ ഖണ്ഡകാവ്യങ്ങളും ,അരുണോദയം, കിരണാവലിമണിമഞ്ജൂഷ ,രത്ന മാല ഇുടങ്ങിയ കവിതാ സമാഹാരങ്ങളും അദ്ദേഹത്തിന്റെ സ്രിഷ്ടികളിൽ മുൻപന്തിയിൽ നിൽക്കുന്നു

*ഷാന.കെ*

# കുമാരനാശാൻ (1873- 1924)



1873 തിരുവനന്തപുരം ജല്ലയിൽ കായിക്കര ഗ്രാമത്തിൽ തൊമ്മൻ വിളകത്ത് നാരായണന്റെയും , കാളിയമ്മയുടെയും മകനായി ജനിച്ചു പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം പഠനവും കണക്കെഴുത്ത് ജോലിയുമായി കഴിയവേ ശ്രീ നാരായണ ഗുരുദേവനുമായി പരിചയപ്പെട്ടു .കാവ്യ രചനയിൽ താൽപര്യമുണ്ടായിരുന്ന കുമാരൻ അരവിപുറം മടത്തിൽ എത്തി ചേർന്നു . തികഞ്ഞ ബ്രഹ്മചാരിയായി ആശ്രമത്തിൽ കഴിയവേ കുമാരന്റെ കഴിവുകൾ കണ്ട ഗുരു അദ്ധേഹത്തെ ഡോക്ടർ പല്ലുവിന്റെ സംരക്ഷണയിൽ ബംഗ്ലൂരിലും , മദ്രാസിലും , കൽക്കട്ടയിലും ഉപരി പഠനത്തിനായി അയച്ചു .

1903 ൽ എസ് എൻ ഡി പി യോഗം സ്ഥാപിച്ചപ്പോൾ ആദ്യ ജനറൽ സെക്രട്ടറി ആയി കുമാരനാശാൻ 1904 ൽ യോഗത്തിന്റെ മുഖപ്രതമായ വിവേകോദയം ആശാന്റെ പത്രാധിപത്യത്തിൽ ആരംഭിച്ചു .1914 ൽ യോഗത്തിന്റെ പ്രധിനിധിയായി ശ്രീമൂലം പ്രജാ സഭയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടു അക്കാലത്ത് പിന്നോക്ക സമൂഹത്തിന്റെ അവകാശങ്ങളായി ശ്രേദ്ധേയമായ പ്രസംഗങ്ങൾ നടത്തി .

1919 ൽ യോഗത്തിന്റെ ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്നും വിരമിച്ച ആലുവ ആശ്രമത്തിന്റെ മാനേജർ ആയി . മലയാള സാഹിത്യത്തിനു വിശിഷ്ടങ്ങളായകാവ്യങ്ങൾ സമ്മാനിച്ച് ആ മഹാനുഭവാൻ കൊല്ലത്തു നിന്ന് ആലപുഴയിലേക്കുള്ള ബോട്ട് യാത്രയിൽ (റെഡിമർ എന്ന ബോട്ട് )പല്ലനയാറ്റിൽ വച്ച് അപകടത്തിൽ പെട്ട ഭൌതിക ലോകത്തോട് വിട പറഞ്ഞു .

*ഷിഫാന സി.കെ*

# വള്ളത്തോൾ നാരായണ മേനോൻ

## (1878 – 1995 )



വള്ളത്തോൾ നാരായണമേനോൻ

മലയാളത്തിലെ മഹാകവിയും , കേരള കലാമണ്ഡലത്തിന്റെ സ്ഥാപകനുമാണ് വള്ളത്തോൾ നാരായണ മേനോൻ ആധുനികമലയാള കവിയത്രിയിൽ കാവ്യശൈലിയിലെ ശബ്ദസൗന്ദര്യം കൊണ്ടും , സർഗ്ഗാത്മകതകൊണ്ടും അനുഗ്രഹീതനായ മഹാകവിയായിരുന്ന വള്ളത്തോൾ നാരായണമേനോൻ തികഞ്ഞ മനുഷ്യസ്നേഹിയും , മതസൗഹാർദ്ദത്തെ വക്താവും ആയിരുന്നു . മലയാള ഭാഷയുടെ ലോകത്തിന് മുമ്പിൽ ധൈര്യമായി അവതരിപ്പിക്കുകയും മലയാളത്തിന്റെ തനത്കലയായ കഥകളിയെ പരിപോഷിപ്പിക്കുകയും , ലോകജനതക്ക മുമ്പിൽ സമർപ്പിക്കുകയയും അതുവവഴി മലയാളവും , കഥകളിയും അന്താരാഷ്ട്ര പ്രസിദ്ധി നേടുകയും ചെയ്തു . സ്വാതന്ത്ര്യലബ്ധിക്കായി തൂലിക പടവാളാക്കി മാറ്റി ബ്രിട്ടീഷുക്കാർക്കെതിരെ സമരകാഹങ്ങളും മുഴക്കുന്നതിന് ഭാരതജനതയെ ഒന്നടക്കം ആവേശഭരിതരാക്കുകയും മഹാത്മജിയുടെ ആദർശങ്ങൾ അടിയുറച്ച് വിശ്വസിക്കുകയും , ഗാന്ധിജിയെ ഗുരുനാതനായി സ്വീകരിക്കുകയും ചെയ്തു മഹാനായിരുന്നു വള്ളത്തോൾ .

മുഹമ്മദ്

# തുഞ്ചത്ത് രാമാനുജൻ എഴുത്തച്ചൻ

**(1495 - 1575 )**



എ.ഡി പതിനാറാം നൂറ്റാണ്ടിൽ പൊന്നാനി താലൂക്കിലെ തിരൂർ തുഞ്ചൻ പറമ്പിൽ ജനിച്ചു . മലയാള ഭാഷയുടെ പിതാവ് കിളിപ്പാട്ടിന്റെ ഉപജ്ഞാതാവ് ആദ്ധ്യാത്മരാമായണം ശ്രീമഹാഭാരതം ശ്രീമഹാഭാഗവതം ഹരിനാമകീർത്തനം എന്നിവ പ്രധാന കൃതികളാണ് തൃക്കിയൂരിലും ചിറ്റൂരലും പാഠശാലകൾ സ്ഥാപിച്ച് ഭാഷയ്ക്ക് പ്രചാരണം നടത്തി ചിറ്റൂരിൽ ഗുരുമഠം സ്ഥാപിച്ചു നിലവിലുള്ള മലയാള ഭാഷയ്ക്ക് എഴുത്തച്ഛൻ ജന്മം നൽകിയത് തിരൂരിലെ കളരിയിൽ വെച്ചാണ് ലളിതമായ ഭാഷയിലുള്ള കൃതികളിലെല്ലാം ആദ്ധ്യത്മികവും ത്വത്വചിന്താപരവുമാണ് പ്രൗഢമായ സംസ്കൃതഭ ഭാഷയിൽ നിന്ന്. സാധാരണ മലയാളിക്ക് പ്രാവ്യമാകുന്ന രീതിയിൽ അനേകം കൃതികളെ ഭാഷാന്തരം ചെയ്തു ഇപ്രകാരം പുതിയൊരു കവനരീതിയും അക്ഷരമാലാകാരവും അഖ്യാനത്തിലെ നവീനതയും കൊണ്ട് മലയാള കവിതയെയും ഭാഷയേയും ശക്തമാകുയും എഴുത്തച്ഛൻ ചെയ്തു

*ഷസ കെ കെ*


# വാഴത്തോട്ടം



വാഴത്തോട്ടത്തില ജലസേചനത്തിനുള്ള തടമെടുക്കയും ചാലുകീറലും തുടങ്ങാം. തോട്ടം നന്നായി കിളച്ചൊരുക്കണം മഴ തീരുന്നതോടെ കുഴികള്‍ മൂടാം നേന്ത്രവാഴക്ക് രണ്ടാം മാസം 60 ഗ്രാം യൂറിയ 250 ഗ്രാം മസൂറി ഫോസ് 100 ഗ്രാം മ്യുറിയേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ ഒരു വാഴയക്ക് നൽകാം നടുമ്പോൾ പയർ വിളയായി വിതച്ചുവെങ്കിൽ ഒന്നേക്കാൽ മാസം  കഴിയുമ്പോൾ ഇവ  വിഴുതെടുത്ത് ചുവട്ടില്‍ മൂടുക വീണ്ടും പച്ചിലവളച്ചെടികൾ ഇടവിളയായി പാകി ഇത് ആവർത്തിക്കാം വാഴത്തോട്ടത്തിൽ ഇടവിളകൃഷി ആരംഭിക്കാം

*അദീബ വി.കെ*

# ദേശീയ പ്രസ്ഥാനം



നാട്ടിൽ തിരിച്ചെത്തിയ ജവർഹർലാൽ നെഹ്റു 1912- ലെ ബന്ദിപ്പൂർ കോൺഗ്രസ്സമ്മേളനത്തോടെ ദേശിയപ്രസ്ഥാനത്തിന്റെ ഭാഗമായി. മഹാത്മാഗാന്ധിയുടെ സ്വാധീന വലയത്തിലായ നെഹ്റു 1919 മുതൽ 1945 വരെയുള്ള കാലയളവിൽ ആറ് തവണ ജയിലിലകപെട്ടു.1947-ൽ സ്വാതന്ത്ര ഇന്ത്യയുടെ ഒന്നാമത്തെ പ്രധാനമന്ത്രിയായും 1964-ൽ മരിക്കന്നതുവരെ പ്രധാനമന്ത്രിയായി തുടരുകയും ചെയ്തു.

(സന.എം)

# കുള്ളൻ ഗോതമ്പിൽ നിന്ന്

അമേരിക്കയിലെ റോക്ക് ഫൗണ്ടഷന്റെ സഹായത്തോടെ നോർമൻ ബോർലോഗ് എന്ന ശാസ്ത്രജ്ഞൻ നിർമ്മിച്ച അത്യുത്പാദന ശേഷിയുള്ള കുള്ളൻ ഗോതമ്പ് വിത്തിനം ലോകകാർഷികരംഗത്ത് ഒരു വമ്പൻ വിപ്ലവത്തിന് വഴിയൊരുക്കി. വെക്സിക്കോയിലെ എന്ന അന്താരാഷ്ട്ര ഗോതമ്പ് -ചോള ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത ഈ അത്ഭുത വിത്തുകൾ പലരാജ്യങ്ങളിലേക്കും എത്തി.അങ്ങനെ നോർമൻ ബോർലോകിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ ആധുവനിക കൃഷി രീതി രിത വിപ്ലവം എന്ന പേരിൽ അറിയപ്പെട്ടു . ചെടികൾക്ക് ആവിശ്യമായ പോഷകങ്ങൾ കൃത്തിമമായി നിർമിക്കാമെന്ന കണ്ടെത്തലും ഇതിന്റെ ഭാഗമായിരുന്നു. അതോടെ രാസവളങ്ങളും കീടനാശിനികളും വൻതോതിൽ ഉത്പാതിപ്പിക്കാൻ തുടങ്ങി വൈദ്യുതിയുടെ കടന്നുവരലും കൂടി ചേർന്നതോടെ കാർഷിക ഉൽപ്പാദന രംഗത്ത് വൻ കുതിപ്പ് ഉണ്ടായി

*(ഫർഹാന.കെ.വി)*

# എഡിറ്റേർസ്

1. അദീബ വി.കെ
2. ഫാത്തിമത്തു നിദ എം.പി
3. ബിഷാറ പി.പി
4. നജ വി.വി
5. ഷാന കെ.വി
6. റുഷൈദ കെ.പി
7. ഹുദ പി.പി
8. ഷാസിയ കെ.പി
9. ഹിബ എൽ
10. ഷിഫാന സി.കെ
11. റഹല പി



കമ്പിൽ മാപ്പിള ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർഥികളുടെ രചനകൾ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സഹായത്തോടെ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി.